LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ല : ചെറുതാഴം ഗ്രാമ പഞ്ചായത്ത് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിന് വേണ്ടി 75 സെന്റ് ഭൂമി കൈമാറിയിട്ടുണ്ട്

പാലക്കാട് ജില്ല : ഇല്ല

കോഴിക്കോട് ജില്ല: ക്കുരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് വില്ലേജ് ഓഫീസ് സ്ഥാപിക്കുന്നതിന് 5 സെന്റ് ഭൂമിയും, രജിസ്ട്രേഷൻ വകുപ്പിന് സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുന്നതിന് 10 സെന്റ് സ്ഥലവും നല്കിയിട്ടുണ്ട്.

മലപ്പുറം ജില്ല: ഇല്ല

കാസർഗോഡ് ജില്ല: കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് വനം വന്യജീവി വകുപ്പിന് ഭൂമി കൈമാറിയിട്ടുണ്ട്.

ലഭ്യമായ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പഞ്ചായത്തുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

3234 ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) ജീവനക്കാരുടെ കുറവ് കാരണം ജനങ്ങൾക്ക് ദൈനംദിന സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാല താമസവും വിവിധ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീയാക്കുന്നതിലുള്ള കാലതാമസവുമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 464 ഒഴിവുകളുണ്ട്. വിശദാവിവരം ചുവടെ ചേർക്കുന്നു:

സെക്രട്ടറി	28
അസിസ്റ്റന്റ് സെക്രട്ടറി	25
ജൂനിയർ സൂപ്രണ്ട്	19
ഹെഡ് ക്ലാർക്ക്	11

* അനുബന്ധമായി ചേർത്തിരിക്കുന്നു

അക്കൗണ്ടന്റ്	2
സീനിയർ ക്ലാർക്ക്	109
ക്ലാർക്ക്	212
ഓഫീസ് അറ്റൻഡന്റ്	42
ലൈബ്രേറിയൻ	2
ഡ്രൈവർ	14

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്നേഹനഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടി കേന്ദ്രത്തിന്റെ നിർമ്മാണം

6099 ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി പഞ്ചായത്തിലെ 5-ാം വാർഡ് സ്നേഹനഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടി കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(സി) കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഏറ്റിട്ടുള്ള തൃശ്ശൂർ ജില്ലാ പോലീസ് സഹകരണ സംഘത്തിന് ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പഞ്ചായത്ത് കൈമാറിയിട്ടും ഇതുവരെയും നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയാമോ;

(ഡി) പ്രസ്തുത വിജ്ഞാൻവാടി കേന്ദ്ര നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് ആവശ്യപ്പെട്ടതു പ്രകാരം ഗ്രാമപഞ്ചായത്ത് എല്ലാ രേഖകളും ചാലക്കുടി ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly